ശ്രീ. പി. നാരായണൻ തമ്പി : രണ്ട് പ്രൈമറി ഹെൽത്ത് സെൻററിൽ ഡാക്ടറില്ലെന്ന പറഞ്ഞു. സ്റ്റേററിലുള്ള എല്ലാ പ്രൈമറി ഹെൽത്ത് സെൻറുകളിലും, ബ്ലാക്കിൻെറ കീഴിൽ നിന്നിച്ചിട്ടുള്ള പ്രൈമറി ഹെൽത്ത് സെൻറുകളിലുമെല്ലാം ഡാക്ടർമാരെ നിയമിച്ചിട്ടുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : രണ്ട് പ്രൈമറി ഹെൽത്ത് സെൻറെഴികെ ബാക്കി എല്ലായിടത്തും ഡാക്ടർമാരെ നിയമിച്ചിട്ടുണ്ട്.

പബ്ലിക് ഹെൽത്ത് ആക്ററും റൂൾസും

* 867. [9] ശ്രീ. പി. എസ്. കാത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തൊട്ടാകെ ബാധകമാക്കിയിട്ടുള്ള പബ്ലിക് ഹെൽത്ത് ആക്ററ് ഏതാണ് ;

(ബി) പബ്ലിക് ഹെൽത്ത് ആക്ററ് കാര്യക്ഷമമായി നടപ്പിലാക്കുന്നതിനാവശ്യമായ റൂൾസ് ഉണ്ടാക്കിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അവ പബ്ലിഷ് ചെയ്തിട്ടുണ്ടോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ):

(എ) സംസ്ഥാനത്തൊട്ടാകെ ബാധകമായിട്ടുള്ള ഒരു പബ്ലിക് ഹെൽത്ത് ആക്ററ് ഇല്ല. തിരുവിതാംകൂർ-കൊച്ചി പ്രദേശത്ത് തിരുവിതാംകൂർ-കൊച്ചി പബ്ലിക് ഹെൽത്ത് ആക്ററും മലബാർ പ്രദേശത്ത് മദിരാശി പബ്ലിക് ഹെൽത്ത് ആക്ററും ബാധകമാണ്.

(ബി) തിരുവിതാംകൂർ-കൊച്ചി പബ്ലിക് ഹെൽത്ത് റൂൾസ് 1959-ൽ പ്രസിദ്ധം ചെയ്യുകെങ്കിലും നടപ്പിലായിട്ടില്ല. മദിരാശി പബ്ലിക് ഹെൽത്ത് ആക്ററിൻെറ അടിസ്ഥാനത്തിലുള്ള ചട്ടങ്ങൾ മദിരാശി ആക്ററ് പ്രാബല്യത്തിലുള്ള പ്രദേശത്ത് നിലവിലുണ്ട്.

ശ്രീ. പി. വി. കുഞ്ഞുണ്ണിനായർ : ഈ റൂൾസ് ഏകീകരിക്കാൻ വേണ്ടിയിട്ട് വല്ല നടപടിയും എടുക്കാൻ ആലോചിക്കുന്നുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദർ നായർ : നടപടികൾ സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. അതിലേക്കുവേണ്ടി കഴിഞ്ഞ നിയമസഭാസമ്മേളനകാലത്തുതന്നെ ഇതുസംബന്ധിച്ചു നിയമനിർമ്മാണം ചെയ്യുവാൻ കേന്ദ്രപാർലമെൻറിൽ ഒരു പ്രമേയം പാസ്സാക്കിയിട്ടുണ്ട്.

ശ്രീ. എം. എ. ആൻറണി : ശവം മറവുചെയ്യുന്നത് നിരോധിച്ചുകൊണ്ട് പബ്ലിക് ഹെൽത്ത് ഡിപ്പാർട്ടുമെൻറ് നിയമം പാസ്സാക്കിയതുകൊണ്ട് ഈ രാജ്യത്ത് വളരെയധികം കുഴപ്പങ്ങൾ ഉണ്ടാകുന്നു. അതു മനസ്സിലാക്കിക്കൊണ്ട് ഈ ആക്ററും റൂൾസും ഭേദഗതി ചെയ്യാൻ ഉദ്ദേശമുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: ഇതനുസരിച്ചുള്ള റൂൾസിനെ സംബന്ധിച്ചിടത്തോളം ഹെൽത്ത് ഡിപ്പാർട്ടുമെൻറല്ല ചെയ്യേണ്ടത്. ഇപ്പോൾ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കുമാണ് അധികാരം. അതിനനുസരിച്ച് ഉള്ള നടപടികളെല്ലാം ലോക്കൽ അഡ്മിനിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറ് എടുത്തുകൊണ്ടിരിക്കുകയാണ്. താമസിയാതെ അതു ഫൈനലൈസ് ചെയ്യാൻ സാധിക്കുമെന്നാണ് വിചാരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly